# Malayala Manorama

## 27 August 2018

## Thiruvananthapuram, After Flood, Schools Reopening, Relief Camps

# സ്കൂളുകൾ 29നു തുറക്കും; ക്യാംപ് മറ്റു കെട്ടിടങ്ങളിലേക്ക്

■ പൂട്ടിക്കിടക്കുന്ന വീടുകൾ ക്യാംപാക്കുന്നതിന്റെ സാധ്യത പരിശോധിക്കും

**മനോരമ ലേഖകൻ**

തിരുവനന്തപുരം ● വിദ്യാലയങ്ങൾ 29നു തുറക്കുന്ന സാഹചര്യത്തിൽ സ്കൂളുകളിൽ ഇനിയും പ്രവർത്തിക്കുന്ന ക്യാംപുകൾ മറ്റു കെട്ടിടങ്ങളിലേക്കു മാറ്റണമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ നിർദേശിച്ചു ആവശ്യമെങ്കിൽ ഇതിനായി സ്വകാര്യ കെട്ടിടങ്ങൾ വാടകക്കെടുക്കണം. പൂട്ടിക്കിടക്കുന്ന വീടുകളും ഉപയോഗിക്കാൻ സാധിക്കുമോയെന്നു കലക്ടർമാർ പരിശോധിക്കണം. ക്യാംപുകളില്ലാത്ത സ്കൂളുകൾ രണ്ടു ദിവസത്തിനകം പൂർണമായി വൃത്തിയാക്കണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ക്യാംപുകളിൽ വിതരണം ചെയ്യാൻ ആവശ്യമായത്ര ഭക്ഷണസാധനങ്ങൾ സ്റ്റോക്കുണ്ടെന്നു യോഗം വിലയിരുത്തി. വെള്ളം കയറിയ വീടുകൾ വൃത്തിയാക്കുന്ന പ്രവൃത്തി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. ഇതിനകം മൂന്നു ലക്ഷത്തിലധികം വീടുകൾ വൃത്തിയാക്കി. 3,64,000 പക്ഷികളുടെയും 3285 വലിയ മൃഗങ്ങളുടെയും 14,274 ചെറിയ മൃഗങ്ങളുടെയും ശവം മറവുചെയ്തു.

അജൈവ മാലിന്യം ശേഖരിച്ചുവയ്ക്കാനുള്ള സ്ഥലം തദ്ദേശ ഭരണവകുപ്പ് കണ്ടെത്തണമെന്നു യോഗം നിർദേശിച്ചു. മാലിന്യം ക്ലീൻ കേരള കമ്പനിക്കു കൈമാറണം. മറ്റ് ഏജൻസികളുടെ സഹായവും തേടാം.

കുടിവെള്ളം എല്ലായിടത്തും ലഭ്യമാക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കണമെന്നു മുഖ്യമന്ത്രി നിർദേശിച്ചു. കിയോസ്കുകൾ സ്ഥാപിക്കുന്നതു പെട്ടെന്നു പൂർത്തിയാക്കണം. വീടുകളിൽ പാത്രങ്ങളിൽ വെള്ളം വിതരണം ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. ഇതിനകം ഒരു ലക്ഷത്തിലേറെ ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തു. നാഷനൽ ഡെയറി ഡവലപ്മെന്റ് ബോർഡിൽനിന്ന് 500 ടൺ കാലിത്തീറ്റ ലഭിച്ചു.

ചീഫ് സെക്രട്ടറി ടോം ജോസ്, ഡിജിപി ലോക്നാഥ് ബെഹ്റ, ഉന്നതോദ്യോഗസ്ഥരായ നളിനി നെറ്റോ, സുബ്രതോ ബിശ്വാസ്, ബിശ്വനാഥ് സിൻഹ, എ.ഹേമചന്ദ്രൻ, ഡോ.വി.വേണു, വി.എസ്.സെന്തിൽ, ടിങ്കു ബിസ്വാൾ തുടങ്ങിയവർ പങ്കെടുത്തു.